തൊഴിലാളികളുടെ ക്ഷേമത്തിന് സ്വീകരിച്ച നടപടികൾ

54 (1017) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ തൊഴിൽ സ്ഥാപനങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ക്ഷേമത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിലെ വിവിധ തൊഴിൽ സ്ഥാപനങ്ങളിലും, വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്തുവരുന്ന തൊഴിലാളികൾ എത്ര എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ അസംഘടിതരായ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും, 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും ഈ മേഖലയിൽ സ്വന്തമായി തൊഴിൽ ചെയ്യുന്നവർക്കും വേണ്ടി കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി നടപ്പിലാക്കുകയും ചെയ്തത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. ടി നിയമത്തിന്റെ പരിധിയിൽ വരുന്ന പെട്രോൾ പമ്പുകൾ, ഹോസ്പിറ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനവും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ടി ക്ഷേമപദ്ധതിയിലെ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(ബി) വയനാട് ജില്ലയിൽ വിവിധ വ്യാപാര സ്ഥാപനങ്ങളിലായി 2011 ജനുവരി മാസത്തെ കണക്കുപ്രകാരം 5180 തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. കൂടാതെ തോട്ടം മേഖലയിൽ 13055 തൊഴിലാളികളും തോട്ടങ്ങളുമായി ബന്ധപ്പെട്ട ഫാക്ടറികളിൽ 469 തൊഴിലാളികളും ജോലി ചെയ്തുവരുന്നു.

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി 26-8-2010-ലെ സ.ഉ.(എംഎസ്.) 102/10/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ആശ്വാസ ധനസഹായം, അഞ്ച് വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുന്ന അംഗത്തിന് 'ടെർമിനൽ ബനിഫിറ്റ്' തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ പദ്ധതി ജില്ലാ ലേബർ ഓഫീസർമാർ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ച് വസിക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെയും കൂടി സഹകരണത്തോടെ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നു വിതരണവും നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly